**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗം പരിഷ്കരിക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പരീക്ഷാ പരിഷ്കരണ കമ്മീഷൻ, നിയമപരിഷ്കരണ കമ്മീഷൻ എന്നീ കമ്മീഷനുകൾ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിലാക്കുന്നതിന് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിനു കീഴിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർദേശങ്ങളിലൂടെ സർവകലാശാലാ പ്രവർത്തനങ്ങളിലും പരീക്ഷാരീതികളിലും വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയമിച്ച മൂന്ന് കമ്മീഷനുകളിൽ ഒന്നായ പരീക്ഷാ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരമുള്ള പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പരീക്ഷകൾ, പരീക്ഷാഫലം, സർട്ടിഫിക്കറ്റ് വിതരണം തുടങ്ങിയവ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | പരീക്ഷകൾ സർവകലാശാലാ അക്കാദമിക കലണ്ടർ പ്രകാരം സമയബന്ധിതമായി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സർവകലാശാല പരീക്ഷാ കലണ്ടർ മാനദണ്ഡമാക്കിയാണ് പരീക്ഷകൾ നടത്തുന്നതും ഫലം പ്രഖ്യാപിക്കുന്നതും. സർട്ടിഫിക്കറ്റ് വിതരണത്തിനായി പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ദ്രുതഗതിയിൽ സർട്ടിഫിക്കറ്റ് തയ്യാറാക്കി വിതരണം ചെയ്തുവരുകയും ചെയ്യുന്നു. |
| (ഡി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സേവനാവകാശ നിയമം നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പരീക്ഷാ പരിഷ്കരണ കമ്മീഷൻ, നിയമപരിഷ്കരണ കമ്മീഷൻ എന്നീ കമ്മീഷനുകൾ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിലാക്കുന്നതിന് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിനു കീഴിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ പരീക്ഷാ പരിഷ്കണ കമ്മീഷൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചിട്ടുണ്ട് :

1) പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സർവകലാശാലാ തലത്തിൽ പ്രവേശന പരീക്ഷ നടത്തുക.
ഇതിന് ദേശീയതലത്തിൽ വിജ്ഞാപനം ചെയ്യാവുന്നതും അന്തർസർവകലാശാലാ കൂടിയാലോചനാസമിതിയിൽ പരീക്ഷയുടെ സമയക്രമം തീരുമാനിക്കാവുന്നതുമാണ്.

2) ഒന്നിലധികം വിഷയങ്ങൾ പഠിക്കുന്ന മൾട്ടിമേജർ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അതിൽ ഏത് വിഷയവും പഠിക്കാൻ കഴിയുന്ന തരത്തിൽ നിയമങ്ങൾ ലഘൂകരിക്കണം. ഇതിന് യു.ജി.സിയുടെ ഇക്വിവാലെൻസിയുമായുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ മാതൃകയാക്കാവുന്നതാണ്.

3) സംസ്ഥാനത്തെ ഏത് സർവകലാശാലയും ഉപയോഗിക്കാവുന്ന പൊതുവായ ഒരു നമ്പർ യുണിക് / സ്റ്റുഡന്റ് ഐഡന്റിറ്റി (USID) എന്ന പേരിൽ നടപ്പിലാക്കണം. ഇത് ആധാറുമായി ബന്ധപ്പെടുത്തണം. വിദ്യാർത്ഥികൾക്ക് സർവകലാശാലകൾക്കിടയിൽ ചലനാത്മകത നൽകുന്നതിന് ഇത് സഹായിക്കും.

4) സർവകലാശാലകൾ പ്രത്യേകമായി "സ്റ്റുഡന്റ് പോർട്ടൽ" ഏർപ്പെടുത്തണം. വിദ്യാർത്ഥികൾക്കും സർവകലാശാലയുമിടയിലുള്ള എല്ലാ ആശയവിനിമയങ്ങളും ഈ പോർട്ടൽ വഴിയായിരിക്കണം.

5) കരിക്കുലവും റെഗുലേഷനും സർവകലാശാല നിശ്ചയിക്കണം. ഇതിൽ പഠനവിഷയത്തിന്റെ വിശദാംശങ്ങൾ, പഠനരീതി, വിദ്യാർത്ഥികൾ ഉപയോഗിക്കേണ്ട പഠനപ്രക്രിയകൾ ഇവ വിശദീകരിച്ചിരിക്കണം.
സിലബസും പരീക്ഷാ രീതികളും നിശ്ചയിക്കാൻ അതത് സ്ഥാപനങ്ങൾക്ക് അനുവാദം നൽകണം. കരിക്കുലത്തിൽ വ്യക്തമാക്കപ്പെടുന്ന പഠനാനന്തര ഫലങ്ങൾ (learning outcomes) ആയിരിക്കണം ഇതിന്റെ അടിസ്ഥാനം.

6) കോഴ്സ് . ബ്രേക്കിനും സ്കീം മാറ്റത്തിനും അനുമതി നൽകണം . യു.ജി.സിയുടെ നിബന്ധനയനുസരിച്ച് ഒരു വിദ്യാർത്ഥിയ്ക്ക് പ്രോഗ്രാം പൂർത്തീകരിയ്ക്കാൻ പ്രോഗ്രാമിന്റെ സ്വാഭാവിക കാലാവധിയും രണ്ട് വർഷവും കൂടിയാണ് അനുവദിയ്ക്കുക (N+2). അതായത് 3 വർഷം കൊണ്ട് പൂർത്തിയാക്കേണ്ട ഒരു ബിരുദം പരമാവധി 5 വർഷം കൊണ്ട് പൂർത്തീകരിക്കണം. എന്നാൽ ഇടയ്ക്കുവെച്ച് പഠനം മുടങ്ങി പോകുന്നവർക്ക് പുനഃപ്രവേശനം നൽകി പ്രോഗ്രാം പൂർത്തീകരിക്കാൻ അനുവദിക്കുന്നതിന് സർവകലാശാലാ റെഗുലേഷൻ നിർമ്മിക്കണം. പഠനം മുടങ്ങുന്നതിനുമുമ്പ് പൂർത്തീകരിച്ച ക്രെഡിറ്റുകൾ നിലനിർത്തി പുനഃപ്രവേശനം നേടുന്ന സമയത്ത് നിലവിലുള്ള പ്രോഗ്രാമിൽ ആവശ്യമായ ക്രെഡിറ്റുകൾ തീരുമാനിച്ച് പുനഃപ്രവേശനം നൽകാൻ പഠന ബോർഡുകൾക്ക് അധികാരം നൽകണം.

7) യുണിവേഴ്സിറ്റികൾക്കിടയിൽ ക്രെഡിറ്റ് ട്രാൻസ്ഫർ അനുവദിക്കണം.

8) നിലവിലുള്ള external: internal റേഷ്യോ 80:20 ആണ്. 80 ശതമാനം മാർക്ക് സർവകലാശാല നടത്തുന്ന പരീക്ഷയിലും ബാക്കി 20 ശതമാനം ആന്തരിക മൂല്യനിർണ്ണയത്തിലും നിന്നാണ് ലഭിക്കുക. ഇത് 60:40 എന്നാക്കി മാറ്റാവുന്നതാണ്. ആന്തരിക മൂല്യനിർണ്ണയത്തിന്റെ വിശദാംശങ്ങൾ അതത് പഠന ബോർഡുകൾക്ക് നിശ്ചയിക്കാവുന്നതാണ്. ഇതിൽ 50 ശതമാനം കോളേജുതലത്തിൽ നടത്തുന്ന എഴുത്തു പരീക്ഷയായിരിക്കേണ്ടതാണ്.
അറ്റന്റൻസ് ആന്തരികമൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതില്ല.

9) ആന്തരിക മൂല്യനിർണ്ണയത്തിന്റെ രേഖകൾ 6 മാസം വരെ കോളേജുകൾ സൂക്ഷിക്കേണ്ടതും സർവകലാശാല ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്. വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിന് ഒരു ത്രിതല പരാതിപരിഹാര സംവിധാനം ഒരുക്കേണ്ടതാണ്.
ഡിപ്പാർട്ട്മെന്റ് തലം, കോളേജുതലം, സർവകലാശാലാതലം എന്നീ 3 തലം ഇതിനുണ്ടാവും. എല്ലാ തലത്തിലും വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടാകേണ്ടതാണ്.

10) ഒന്ന്, രണ്ട് സെമസ്റ്റർ ബിരുദ പരീക്ഷകളും ഒന്ന്, മൂന്ന് സെമസ്റ്റർ ബിരുദാനന്തരബിരുദ പരീക്ഷകളും സർവകലാശാല നൽകുന്ന ചോദ്യപേപ്പറിന്റെ അടിസ്ഥാനത്തിൽ കോളേജിൽ തന്നെ നടത്തി മൂല്യനിർണ്ണയം നടത്തേണ്ടതാണ്. 10 മുതൽ 20 ശതമാനം വരെ പേപ്പറുകൾ പുനർമൂല്യനിർണ്ണയം നടത്തിയശേഷം സർവകലാശാല റിസൾട്ട് പ്രഖ്യാപിക്കേണ്ടതാണ്.

11) ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിന് ചോദ്യബാങ്ക് സംവിധാനം നടപ്പിലാക്കേണ്ടതാണ്.

12) ഒരു അധ്യാപക പോർട്ടൽ സ്ഥാപിക്കേണ്ടതും അധ്യാപകർക്ക് നൽകുന്ന യൂണിക് ടീച്ചർ ഐഡന്റിറ്റി (UTID) ഉപയോഗിച്ച് അധ്യാപകർ പഠിപ്പിക്കുന്ന വിഷയങ്ങൾ അതത് സമയത്ത് പോർട്ടലിൽ ചേർക്കേണ്ടതുമാണ്. ഇത് മൂല്യനിർണ്ണയം വേഗത്തിലാക്കും.

13) പരീക്ഷ പേപ്പറുകളുടെ മൂല്യനിർണ്ണയം വേഗത്തിലാക്കുന്നതിന് ഫാൾസ് നമ്പർ രീതിയ്ക്ക് പകരം ബാർകോഡ് ഉപയോഗിക്കുന്ന രീതി നടപ്പിലാക്കണം.

14) ഗ്രേസ് മാർക്കുകൾ മാർക്ക് ലിസ്റ്റിൽ ചേർക്കുകയും പ്രവേശനത്തിന് വീണ്ടും ഗ്രേസ് മാർക്ക് നൽകുന്നത് ഒഴിവാക്കുകയും വേണം.

15) പരീക്ഷ കഴിഞ്ഞാൽ 30 ദിവസത്തിനുള്ളിൽ ഫലം പ്രഖ്യാപിച്ചിരിക്കണം.

16) സർവകലാശാലകൾ മാർക്ക് ലിസ്റ്റുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ ഒരു പൊതു ഡിജിലോക്കർ സംവിധാനത്തിൽ വിദ്യാർത്ഥികൾക്ക് USID ഉപയോഗിച്ച് ലഭിക്കുന്ന രീതിയിൽ നിക്ഷേപിക്കേണ്ടതാണ്.

17) സർവകലാശാലകളിൽ ഒരു എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ERP) സിസ്റ്റം നടപ്പിൽ വരുത്തുകയും അക്കാദമിക്, പരീക്ഷ, ഭരണ, സാമ്പത്തിക, ആസൂത്രണ വിഭാഗങ്ങൾ പൂർണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ നടപ്പാക്കുകയും ചെയ്യണം. സർവകലാശാലകളിൽ ഒരു ഡയറക്ടർ, സിസ്റ്റം അനലിസ്റ്റ്, ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർ, പ്രൊജക്ട് മാനേജർ, ഡവലപ്പർമാർ ഇവരുൾപ്പെട്ട ഇ-ഗവേണൻസ് സെന്റർ സ്ഥാപിക്കണം.

സെക്ഷൻ ഓഫീസർ